## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7665 23.07.2012-ൽ മറുപടിയ്ക്ക്

### വ്യാജ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി നിയമനം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ | | ശ്രീ.ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യാജ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നേടിയ എത്ര പേർക്ക് എതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ; | (എ) | രണ്ട് പേർക്കെതിരായി ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ.ഇ.കെ.പ്രകാശിന്റെ പട്ടികവർഗ്ഗ (ഊരാളി) അവകാശ വാദം നിരസിച്ചുകൊണ്ട് 26.09.2011-ലെ G.O.(Ms)95/11/SCSTDD ഉത്തരവു പ്രകാരവും, ഇന്ത്യൻ ഓവർസീസ് ബാങ്കിൽ നിന്നും വിരമിച്ച ജീവനക്കാരൻ ശ്രീ.കെ.എൻ.വിജയന്റെ പട്ടികവർഗ്ഗ (ഊരാളി) അവകാശ വാദം നിരസിച്ചുകൊണ്ട് 12.07.2012-ലെ G.O.(Ms)106/12/SCSTDD ഉത്തരവു പ്രകാരവും ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാന ധനകാര്യ വകുപ്പിൽ ഇത്തരത്തിൽ നിയമനം നേടിയ ഏതെങ്കിലും ഉദ്യോഗസ്ഥന് എതിരെ ശിക്ഷാ നടപടികൾ ശുപാർശ ചെയ്തിട്ടുണ്ടോ ; | (ബി) | ഉണ്ട്. ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ.ഇ.കെ.പ്രകാശിനെതിരായി ശിക്ഷാനടപടികൾ ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽ നിന്നും നീക്കണമെന്ന ശുപാർശ നിലവിലുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ ? | (സി) | ഉണ്ട്. പട്ടികവർഗ്ഗ (ഊരാളി) അവകാശവാദം വ്യാജമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ.ഇ.കെ.പ്രകാശിനെ സർവ്വീസിൽ നിന്നും പിരിച്ചു വിടാൻ പൊതുഭരണ വകുപ്പിനോട് ശുപാർശചെയ്തിട്ടുണ്ട്. എന്നാൽ ബഹു: ഹൈക്കോടതിയിൽ ശ്രീ.ഇ.കെ.പ്രകാശ് ഫയൽ ചെയ്ത 26067/11-ാം നമ്പർ കേസ്സിന്മേൽ ബഹു: ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളതിനാൽ ഇക്കാര്യത്തിൽ മറ്റു നടപടികൾ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത കേസ്സ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലേയ്ക്ക് മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ